(സി) കാസർഗോഡ് ജില്ലയിലെ മലയോര പഞ്ചായത്തുകളായ ദേലംപാടി, കാറഡുക്ക, ബേഡകം, കുറ്റിക്കോൽ, പനത്തടി, കള്ളാർ പഞ്ചായത്തുകൾക്ക് ഉപകാര പ്പെടുന്ന തരത്തിൽ കുറ്റിക്കോൽ പഞ്ചായത്തിൽ ഫയർസ്റ്റേഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ മേൽ ഹർജിയിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 28-10-2003-ലെ ജി.ഒ. (ആർ‌ടി.) നം. 2060/2003/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പുതിയ ഫയർസ്റ്റേഷനുകൾ തുറക്കുന്നതിനായി ഒരു മുൻഗണനാ പട്ടിക അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഉണ്ട്.

(ഡി) പരിശോധിച്ച് മറുപടി നൽകിയിട്ടുണ്ട്. (25-1-2002-ലെ 56204/എഫ്2/01/ ആഭ്യന്തരം കത്ത്പ്രകാരം)

മാളയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

54 [772] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ ഉന്നയിക്കപ്പെട്ട മാളയിൽ ഫയർസ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഫയർസ്റ്റേഷൻ അനുവദിക്കുന്നതിന് എന്താണ് തടസ്സം എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫയർസ്റ്റേഷൻ തുറക്കുന്നതിന് അനുയോജ്യമായ സ്ഥലവും കെട്ടിടവും ലഭ്യമായിട്ടില്ല.

ജയിൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ

55 [773] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ അവസാന മായി പരിഷ്കരിച്ചത് എപ്പോഴായിരുന്നു;

(ബി) പ്രസ്തുത ചട്ടങ്ങളുടെ കാലോചിത പരിഷ്കരണം സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് അസിസ്റ്റന്റ് ജയിലർ ഗ്രേഡ്-2 മുതൽ ഡെപ്യൂട്ടി ജയിലർ വരെയുള്ള തസ്തികകളിൽ ട്രാൻസ്ഫർ മുഖേന മിനിസ്റ്റീരിയൽ വിഭാഗത്തിൽനിന്നും നിയമനം നടത്തുന്നതിനായുള്ള സർവ്വീസ് കാലയളവ്, വിദ്യാഭ്യാസ യോഗ്യത, ശാരീരിക യോഗ്യത, പാസ്സാകേണ്ട ഡിപ്പാർട്ടുമെന്റ് ടെസ്റ്റുകൾ എന്നിവ സംബന്ധിച്ച ചട്ടങ്ങളുടെ വിശദ വിവരം വ്യക്തമാക്കുമോ;

(ഡി) അസിസ്റ്റന്റ് ജയിലർ ഗ്രേഡ്-2 മുതൽ ഡെപ്യൂട്ടി ജയിലർ വരെയുള്ള തസ്തികകളിൽ പി.എസ്.സി. വഴിയും ട്രാൻസ്ഫർ വഴിയും മിനിസ്റ്റീരിയൽ വിഭാഗത്തു നിന്നും നിയമനം തേടുന്നവർക്ക് പോലീസ് വകുപ്പിൽ നിലവിലുള്ളതുപോലെ എഴുത്തു പരീക്ഷ, ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റ്, മെഡിക്കൽ ടെസ്റ്റ് എന്നിവ ബാധകമാക്കുന്നതിന് ജയിൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഡെപ്യൂട്ടി ജയിലർ, ജയിലർ, സൂപ്രണ്ട്, ഡി.ഐ.ജി. എന്നീ തസ്തികകളിൽ വാഡർ തസ്തിക എസ്റ്റാബ്ലിഷ്മെന്റ് ട്രാൻസ്ഫർ ഓഫ് സർവ്വീസ്, പി.എസ്.സി. എന്നീ വിഭാഗങ്ങളിൽനിന്നും വന്നിട്ടുള്ളവരുടെ കാറ്റഗറി തിരിച്ചുള്ള ശതമാനക്കണക്കിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(എഫ്) ജയിൽ വകുപ്പിലെ ഡി.ഐ.ജി.-മാരുടെ ചുമതലകൾ എന്തെല്ലാമാണ് എന്നും ഡി.ഐ.ജി. ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ എങ്ങിനെയാണ് എന്നും അറിയിക്കുമോ;

(ജി) മേഖലാ ഡി.ഐ.ജി. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള മിനിസ്റ്റീരിയൽ ജീവനക്കാരെ ആസ്ഥാന കാര്യാലയത്തിൽനിന്നും വികേന്ദ്രീകരിച്ച് നിയമിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(എച്ച്) മിനിസ്റ്റീരിയൽ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന വെൽഫെയർ ഓഫീസർമാരെ എക്സിക്യൂട്ടീവ് തസ്തികയായ സെൻട്രൽ ജയിൽ സൂപ്രണ്ട് തസ്തികകളിൽ നിയമിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഐ) കേരളത്തിലെ സെൻട്രൽ ജയിലുകൾ ഓരോന്നിലേയും വാർഡർമാരുടെ ആകെ തസ്തിക, ഹെഡ് വാർഡർ തസ്തിക എന്നിവ യഥാക്രമം എത്രയാണ്;

(ജെ) ഇവ തമ്മിലുള്ള അനുപാതം 3 :1 എന്ന നിലയിൽ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ജയിൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ 1956-നുശേഷം സമഗ്രമായി പരിഷ്ക്കരിച്ചിട്ടില്ല.

(ബി) പ്രസ്തുത ചട്ടങ്ങളുടെ പരിഷ്ക്കരണ നടപടികൾ നടന്ന് വരികയാണ്.

(സി) കേരളാ ജയിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾ അനുസരിച്ചാണ് അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 1, 2, ഡെപ്യൂട്ടി ജയിലർ എന്നീ തസ്തികകളിൽ ട്രാൻസ്ഫർ ഓഫ് സർവ്വീസ് മുഖേന നിയമനം നടത്തിവരുന്നത്. ചട്ടങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. അസിസ്റ്റന്റ് ജയിലർ ഗ്രേഡ്-2

ആകെ തസ്തികകളുടെ 25% ജയിൽ വകുപ്പിൽ ജോലി ചെയ്യുന്ന ലോവർ ഡിവിഷൻ ക്ലാർക്ക്/ടൈപ്പിസ്റ്റ് എന്നീ വിഭാഗങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്.

സർവ്വീസ് കാലയളവ്	..	വ്യക്തമാക്കിയിട്ടില്ല
വിദ്യാഭ്യാസയോഗ്യത	..	എസ്.എസ്.എൽ.സി.

(അംഗീകൃത സർവ്വകലാശാല ബിരുദക്കാർക്ക് മുൻഗണന)

ശാരീരികയോഗ്യത	..	ഉയരം 165 സെ.മീറ്റർ, നെഞ്ചളവ് 81.3 സെ.മീറ്റർ, വികാസം 5 സെ.മീറ്റർ
പാസ്സാകേണ്ട ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ	..	വ്യക്തമാക്കിയിട്ടില്ല

2. അസിസ്റ്റന്റ് ജയിലർ ഗ്രേഡ്-1

ആകെ തസ്തികകളുടെ 25% ജയിൽ വകുപ്പിൽ ജോലി ചെയ്യുന്ന ക്ലാർക്ക്/സ്റ്റെനോഗ്രാഫർ/ടൈപ്പിസ്റ്റ് എന്നിവർക്ക് നീക്കിവച്ചിട്ടുണ്ട്.

സർവ്വീസ് കാലയളവ്	..	വ്യക്തമാക്കിയിട്ടില്ല
വിദ്യാഭ്യാസയോഗ്യത	..	എസ്.എസ്.എൽ.സി.

(അംഗീകൃത സർവ്വകലാശാല ബിരുദക്കാർക്ക് മുൻഗണന)

ശാരീരികയോഗ്യത	..	ഉയരം 165 സെ.മീറ്റർ, നെഞ്ചളവ് 81.3 സെ.മീറ്റർ, വികാസം 5 സെ.മീറ്റർ
പാസ്സാകേണ്ട ടെസ്റ്റുകൾ	..	വ്യക്തമാക്കിയിട്ടില്ല

3. ഡെപ്യൂട്ടി ജയിലർ

ആകെ തസ്തികകളുടെ 10% മിനിസ്റ്റീരിയൽ ജീവനക്കാർക്ക് നീക്കി വച്ചിട്ടുണ്ട്.

സർവ്വീസ് കാലയളവ്	..	വ്യക്തമാക്കിയിട്ടില്ല
വിദ്യാഭ്യാസയോഗ്യത	..	അംഗീകൃത സർവ്വകലാശാല ബിരുദം
ശാരീരികയോഗ്യത	..	അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 1, 2 വിഭാഗക്കാർക്കുള്ളതുപോലെ
പാസ്സാകേണ്ട ടെസ്റ്റുകൾ	..	വ്യക്തമാക്കിയിട്ടില്ല

(ഡി) അസിസ്റ്റന്റ് ജയിലർ ഗ്രേഡ്-2 മുതൽ ഡെപ്യൂട്ടി ജയിലർ വരെയുള്ള തസ്തികകളിൽ പി.എസ്.സി. വഴിയും ട്രാൻസ്ഫർ ഓഫ് സർവ്വീസ് വഴി മിനിസ്റ്റീരിയൽ വിഭാഗത്തിൽനിന്നും നിയമനം തേടുന്നവർക്ക് പോലീസ് വകുപ്പിൽ ഉള്ളതുപോലെ എഴുത്തു പരീക്ഷ, ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റ്, മെഡിക്കൽ ടെസ്റ്റ് എന്നിവ ബാധകമാക്കുന്നതിന് ജയിൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(ഇ) അനുബന്ധം (എ) കാണുക.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഡി.ഐ.ജി.-മാരുടെ ചുമതലകൾ അടങ്ങുന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധം 'ബി'-യിൽ കാണുക.†

മേഖല ഡി.ഐ.ജി. ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു:

ഡി.ഐ.ജി.	..	1
ക്ലാർക്ക്-ടൈപ്പിസ്റ്റ്	..	1
ക്ലാർക്ക്	..	1
വാർഡർ	..	1

(ജി) ആസ്ഥാന കാര്യാലയത്തിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം പരിമിതമായതിനാൽ മേഖലാ ഡി.ഐ.ജി. ഓഫീസുകളിലേയ്ക്ക് വികേന്ദ്രീകരിച്ച് നിയമനം നൽകിയിട്ടില്ല.

(എച്ച്) അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഐ) 1. സെൻട്രൽ പ്രിസൺ, തിരുവനന്തപുരം

വാർഡർ	..	165
ഹെഡ്വാർഡർ	..	60

2. സെൻട്രൽ പ്രിസൺ, വിയ്യൂർ

വാർഡർ	..	80
ഹെഡ്വാർഡർ	..	21

3. സെൻട്രൽ പ്രിസൺ, കണ്ണൂർ

വാർഡർ	..	105
ഹെഡ്വാർഡർ	..	27

(ജെ) ജയിൽ വകുപ്പിനെ മൂന്ന് മേഖലകളായി തിരിച്ചാണ് വാർഡർമാരുടെ നിയമനവും ഹെഡ്വാർഡർമാരുടെ പ്രൊമോഷനും നടത്തിവരുന്നത്. വാർഡൻ, ഹെഡ്വാർഡർ അനുപാതം 3 :1 എന്ന രീതിയിൽ ഓരോ മേഖലയിലും നൽകിയിട്ടുണ്ട്.

ജീവപര്യന്തം തടവുകാരുടെ പരോൾ വ്യവസ്ഥകൾ

56 [774] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന ജീവപര്യന്തം തടവുകാരുടെ അകാല വിടുതലിനേയും പരോളിനേയും സംബന്ധിച്ചുള്ള പൊതുമാനദണ്ഡം നിർദ്ദേശിക്കുന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് എന്നായിരുന്നു;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിൻമേൽ എന്തെങ്കിലും നപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly